കീഴിൽകൊണ്ടുവരുന്നതാണ്. ഡി.ആർ.ഐ.ക്യു.-വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

3. വിജിലൻസ് വിംഗ്

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

4. ഇ-ടെണ്ടറും-ഇ-പേമെന്റും

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ടോൾ പിരിവ്

20 (*80) ശ്രീ. എൻ അനിരുദ്ധൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടോൾ പിരിവ് പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്രയിടങ്ങളിൽ ടോൾ പിരിവ് നടക്കുന്നുണ്ട് ; ഇവിടങ്ങളിൽ ടോൾ പിരിവ് തുടങ്ങിയിട്ട് എത്രകാലം വീതമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ടോൾ പിരിവ് പരിമിതപ്പെടുത്തിയാൽ എത്രയിടങ്ങളിൽ ടോൾ പിരിവ് ഒഴിവാകും ; പരിമിതപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്. 3 കോടി രൂപവരെ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളെ ടോൾ പിരിവിൽനിന്നും ഒഴിവാക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. 1976-ലെ കേരളാ ടോൾ ആക്ടിൽ ഇതിനുവേണ്ട ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. കൂടാതെ 10 കോടി രൂപവരെ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളിൽ 15 വർഷംവരെയും 10 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളിൽ 20 വർഷംവരെയും ടോൾ പിരിച്ചാൽമതിയെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ദേശീയ പാതയിൽ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ, നിലവിലുള്ള കേന്ദ്ര നിയമാവലി പ്രകാരം, പാലങ്ങളുടെ ടോൾ പിരിവ് കാലപരിധി ബാധകമല്ല.

(ബി) നിലവിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 100 പാലങ്ങളിലും ആർ.ബി.ഡി.സി.കെ. നിർമ്മിച്ച 9 പാലങ്ങളിലും ദേശീയപാതയിൽപ്പെട്ട 8 പാലങ്ങളിലും (ആകെ 117) ടോൾ പിരിവ് നടക്കുന്നുണ്ട്. ടോൾ പിരിക്കുന്ന പാലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 68 പാലങ്ങൾ ടോൾ പിരിവിൽനിന്ന് ഒഴിവാകും. ഇതിനുള്ള മാനദണ്ഡങ്ങൾ ചോദ്യത്തിന്റെ (എ) ഭാഗത്തിനുള്ള ഉത്തരത്തിൽ ചേർത്തിരിക്കുന്നു.

കായിക സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടികൾ

21 (*81) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സ്പോർട്ട്സിലുള്ള തുടർപഠനത്തിന് കായിക സർവ്വകലാശാല സംസ്ഥാനത്ത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണ് കമ്മീഷൻ ചെയർമാൻ എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കമ്മീഷൻ ഇതു സംബന്ധമായി റിപ്പോർട്ട് ഇതിനകം സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(ഡി) എന്തൊക്കെയാണ് പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ; കായികരംഗവുമായി ബന്ധപ്പെട്ട ഏതെല്ലാം കോഴ്സുകൾ സർവ്വകലാശാലയിൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ;

(ഇ) കായിക രംഗത്ത് മലബാറിന്റെ മികച്ച സംഭാവനകൾ പരിഗണിച്ച് സർവ്വകലാശാല ആസ്ഥാനം മലബാർ പ്രദേശത്താക്കുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്) കേന്ദ്രസഹായത്തോടെ ആയിരിക്കുമോ സർവ്വകലാശാല ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; എങ്കിൽ കേന്ദ്രവുമായി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly